"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ വിഭാഗങ്ങളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.134/2023/H&FWD തീയതി,തിരുവനന്തപുരം, 09-06-2023

പരാമർശം:- കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറുടെ 05.05.2022, 28.09.2022 എന്നീ തീയതികളിലെ 13811/2022/എ1/അഡ്മിൻ/കെ.യു.എച്ച്.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിലെ ജോലിഭാരം അനുദിനം വർദ്ധിച്ചു വരുന്നതും പരിചയസമ്പന്നരായ ജീവനക്കാരുടെ അഭാവവും സർവകലാശാലയുടെ സാധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സർവകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ (12), ഡെപ്യൂട്ടി രജിസ്ട്രാർ (2), ജോയിന്റ് രജിസ്ട്രാർ (1) എന്നീ വിഭാഗങ്ങളിലായി 15 തസ്തികകൾ, നിലവിൽ സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകൾക്ക് ഉപരിയായി, 5 വർഷത്തേയ്ക്ക് താല്ക്കാലികമായി സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരാമർശത്തിലെ കത്തുകൾ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന തസ്തികകൾക്കാവശ്യമായ ചെലവ് സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണെന്നും രജിസ്ട്രാർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ 6 അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികകളും, ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയും ഒരു വർഷത്തേയ്ക്ക് താല്ക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1570 തീയതി 06.06.2023).

ധനകാര്യ വകുപ്പ് (09.01.2023 ലെ ബി1/91/2022/ധന പ്രകാരം)

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (B1/127/2022-Health)

ഉത്തരവിൻ പ്രകാരം

Signed by

Raseena R A

Date: 09-06-2023 11:26:44

സെക്ഷൻ ഓഫീസർ

പകർപ്പ്:- ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-06-2023

ഫയൽ നം. ഹെൽത്ത്-ബി1/127/2022/ഹെൽത്ത്.

ഇനം നം: 1570

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ വിഭാഗങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Sd/-

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

SO(B)
7/6/23

Scanned with CamScanner

1570

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത്-ബി1/127/2022/ ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.ക.വ - കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ വിഭാഗങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.02.2023 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി.എം. |
| 8 | കറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ.യു. ഖേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.06.2023 |
| 10 | കറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.06.2023 |
| 12 | കറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.06.2023 |
| 14 | കറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.06.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

Scanned with CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ വിഭാഗങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 318 അഫിലിയേറ്റഡ് കോളേജുകളുള്ള സർവകലാശാലയുടെ ജോലിഭാരം അനുദിനം വർദ്ധിച്ചു വരുന്നതായും സർവകലാശാലയുടെ വിവിധ വിഭാഗങ്ങളിലെ ഫയലുകൾ കൃത്യസമയത്തും കാര്യക്ഷമമായും തീർപ്പാക്കുന്നതിന് പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണെന്നും പരിചയസമ്പന്നരായ ജീവനക്കാരുടെ അഭാവം സർവകലാശാലയുടെ സാധാരണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും കേരള ആരോഗ്യശാസ്ത്ര സർവകലാശാല രജിസ്ട്രാർ അറിയിക്കുകയുണ്ടായി. വിഷയം ഗവേണിംഗ് കൗൺസിലിന് മുമ്പാകെ സമർപ്പിക്കുകയും, 21.4.2022 ന് നടന്ന ഗവേണിംഗ് കൗൺസിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയമുള്ള അസിസ്റ്റന്റ് രജിസ്ട്രാർ-12, ഡെപ്യൂട്ടി രജിസ്ട്രാർ-2, ജോയിന്റ് രജിസ്ട്രാർ-1 എന്നി തസ്തികകളിലെ 15 ഉദ്യോഗസ്ഥരുടെ സേവനം നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾക്ക് ഉപരിയായി, 5 വർഷത്തേയ്ക്ക് താല്ക്കാലികമായി ലഭ്യമാക്കുന്നതിന് സർവകലാശാലയ്ക്ക് അനുമതി നൽകുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള ചെലവ് സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണെന്നും രജിസ്ട്രാർ അറിയിക്കുകയുണ്ടായി.

3. കേരള ആരോഗ്യ സർവകലാശാലയിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിൽ സർവകലാശാലയിലെ ജോലിഭാരം കണക്കിലെടുത്ത് അസിസ്റ്റന്റ് രജിസ്ട്രാർ വിഭാഗത്തിൽ 7 തസ്തികകളും ഡെപ്യൂട്ടി രജിസ്ട്രാർ വിഭാഗത്തിൽ രണ്ട് തസ്തികകളും ഉൾപ്പടെ വിവിധ വിഭാഗങ്ങളിലായി 335 അധിക തസ്തികകൾ കൂടി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 335 അധിക തസ്തികകൾ അനുവദിക്കുന്നതിന്

Scanned with CamScanner

കേരള ആരോഗ്യ സർവകലാശാല പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 23.05.2022 ലെ സ.ഉ (കൈ) നം.103/2022/ആ.കു.വ പ്രകാരം സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലായി ആകെ 46 അധിക തസ്തികകൾ മാത്രമാണ് ഇതിനകം പുതുതായി അനുവദിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് സർവകലാശാലയിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ വിഭാഗങ്ങളിലായി 15 താല്ക്കാലിക തസ്തികകൾ അനുവദിക്കുന്നതിനായി കേരള ആരോഗ്യ സർവകലാശാല രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്.

4. വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെക്കാണും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"Finance agrees to Create 6 posts of Asst. Registrar and 1 post of Deputy Registrar on temporary basis for a period of one year as per the P& ARD work study report.*

*This has the approval of Hon'ble Minister (Finance)."*

5. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ 6 അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയും ഒരു വർഷത്തേയ്ക്ക് താത്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്യപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ 6 അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയും ഒരു വർഷത്തേയ്ക്ക് താത്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കാമോ ?

Scanned with CamScanner